# ഓൺലൈൻ ഷോപ്പിംഗിലൂടെ 10 ലക്ഷം തട്ടിയെടുത്ത കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്തു

തിരുവനന്തപുരം :- ഓൺലൈൻ ഷോപ്പിംഗ് സൈറ്റിലൂടെ വ്യാജപരസ്യം നൽകി വള്ളക്കടവ് സ്വദേശിയിൽ നിന്നും 10 ലക്ഷം രൂപയോളം തട്ടിയെടുത്ത കേസ്സിലെ മുഖ്യപ്രതിയെ പോലീസ് പിടികൂടി. മഹാരാഷ്ട്ര പൂനൈ സ്വദേശി ശൈലേഷ് ശിവറാം ഷിൻഡെ (40)-യെയാണ് തിരുവനന്തപുരം സിറ്റി സൈബർ ക്രൈം പോലീസ് അറസ്റ്റ് ചെയ്തത്.


സൈബർ പോലീസ് അറസ്റ്റ് ചെയ്ത ശൈലേഷ് ശിവറാം ഷിൻഡെ (40)

ഓൺലൈൻ ഷോപ്പിംഗ് സൈറ്റായ Quikr.com-ൽ Apple Watch, Mac Book, Iphone, Samsung S-10 മൊബൈൽ തുടങ്ങിയ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ ആകർഷകമായ വിലക്കുറവ് വാഗ്ദാനം ചെയ്ത് വ്യാജപരസ്യം കൊടുത്തശേഷം ഉൽപ്പന്നങ്ങളുടെ വിലയ്ക്ക് പുറമേ ഡെലിവറി സമയത്ത് മടക്കി ലഭിക്കുമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് വിവിധ ക്ലിയറൻസ് ചാർജ്ജുകളായും മറ്റും പണം നിക്ഷേപിപ്പിച്ചാണ് പ്രതി തട്ടിപ്പ് നടത്തിയത്. തിരുവനന്തപുരം വള്ളക്കടവ് സ്വദേശിയായ യുവാവിന് ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാമെന്ന് പറഞ്ഞ് 10 ലക്ഷത്തോളം രൂപ പ്രതി തന്റെ വിവിധ അക്കൌണ്ടുകളിലേയ്ക്ക് നിക്ഷേപിപ്പിച്ച് തട്ടിച്ചെടുക്കുകയായിരുന്നു.

തിരുവനന്തപുരം സിറ്റി പോലീസ് സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ കേസ്സ് അന്വേഷിക്കുന്നതിനായി സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായയുടെ നിർദ്ദേശപ്രകാരം പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ പൂനൈയിൽ നിന്നും അറസ്റ്റ് ചെയ്തത്. സമാനരീതിയിൽ നിരവധി ആളുകളെ ചതിയിൽപ്പെടുത്തി ലക്ഷങ്ങൾ സമ്പാദിച്ച, ഒരു മൾട്ടിനാഷണൽ ഐ.റ്റി കമ്പനിയിലെ ഉദ്യോഗസ്ഥൻ കൂടിയായ പ്രതി പൂനൈ നഗരത്തിൽ ലക്ഷ്വറി ഫ്ലാറ്റുകളിൽ മാറിമാറി ആഡംബരജീവിതം നയിച്ചുവരുകയായിരുന്നു. പ്രതിയുടെ വിവിധ ബാങ്ക് അക്കൌണ്ടുകൾ പരിശോധിച്ചും നൂതന സൈബർ സാങ്കേതികവിദ്യയുടെ സഹായത്തോടുകിടി അന്വേഷണസംഘം നടത്തിയ തന്ത്രപരമായ നീക്കത്തിനൊടുവിലാണ് പ്രതിയെ കണ്ടെത്തി അറസ്റ്റ് ചെയ്തത്. തിരുവനന്തപുരം സിറ്റി സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ഡി.വൈ.എസ്.പി ടി.ശ്യാംലാൽ, ഇൻസ്പെക്ടർ വിനോദ് കുമാർ.പി.ബി എന്നിവരുടെ നേതൃത്വത്തിൽ എസ്.ഐ ബിജുലാൽ, സി.പി.ഒ-മാരായ വിജേഷ്, ആദർശ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്നും നിരവധി എ.റ്റി.എം കാർഡുകൾ, പാസ് ബുക്കുകൾ, ലാപ് ടോപ്പുകൾ, മൊബൈൽ ഫോണുകൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്. പ്രതിയെ തിരുവനന്തപുരം ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.